ഇടപ്പോൺ സബ്സ്റ്റേഷനിലെ 220 കെ. വി. ട്രാൻസ്മിഷൻ സെന്ററിന്റെ നിർമ്മാണ ജോലികൾ

13 (4621) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട ഇടപ്പോൺ സബ്സ്റ്റേഷനിലെ 220 കെ. വി. ട്രാൻസ്മിഷൻ സെന്ററിന്റെ നിർമ്മാണ ജോലികൾ ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തുകൊണ്ടാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) കോൺട്രാക്ടേഴ്സ് വർഷങ്ങളായിട്ടും നിർമ്മാണ ജോലികളുടെ പണം നൽകാതെ താമസം വരുത്തുന്നതുമൂലം 220 കെ. വി. യുടെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സമയബന്ധിതമായി ഈ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഇതുമൂലം ജനങ്ങൾക്കും ബോർഡിനും ഉള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 220 കെ. വി. ഇടപ്പോൺ സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെയും യാർഡ് സ്ട്രക്ചറുകൾ സ്ഥാപിക്കുന്നതിന്റെയും മറ്റും പണികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നു. സബ്സ്റ്റേഷന്റെ പണികൾ ഏകദേശം 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സബ് സ്റ്റേഷനിലേക്കുള്ള ലൈനിന്റെ നിർമ്മാണത്തിലാണ് കാലതാമസം ഉണ്ടായിരിക്കുന്നത്.

(സി) ഇടപ്പോൺ സബ് സ്റ്റേഷന്റെ കാര്യത്തിൽ ഇത് പ്രസക്തമല്ല.

(ഡി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര, കായംകുളം, നങ്ങ്യാർകുളങ്ങര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കരുനാഗപ്പള്ളി എന്നീ സബ് സ്റ്റേഷനുകളിൽനിന്നും വൈദ്യുതി ലഭിക്കുന്ന ഉപഭോക്താക്കൾക്ക് വോൾട്ടേജ് വർദ്ധിക്കും. വൈദ്യുതി ബോർഡിന് പ്രസരണവിതരണ നഷ്ടം കുറയും കൂടുതൽ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യാൻ സബ് സ്റ്റേഷന് ശേഷിയുണ്ടാകും.

1121/13

LIBRARY ARCHIVES Kerala Legislative Assembly